"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- നഗരകാര്യ വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീമതി.പി.എ.മിനിയ്ക്ക് എതിരെ ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ.(സാധാ) നം.783/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 26/03/2021

പരാമർശം:- 1 19.09.20219 ൽ തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന അദാലത്തിന്റെ നടപടിക്കുറിപ്പ്.

2 20.04.2020 തീയതിയിലെ കുറ്റാരോപണ പത്രം .

3 ശ്രീമതി.മിനി.പി.എ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്- ന്റെ 12.06.2020 ലെ മറുപടി.

4 നഗരകാര്യഡയറക്ടറുടെ 22.10.2020 ലെ ഇ1-10527/2020 നമ്പർ കത്ത്.

**ഉത്തരവ്**

നഗരകാര്യ വകുപ്പിലെ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് -II തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റത്തിനുള്ള വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി യോഗത്തിനുള്ള ശിപാർശ സർക്കാരിൽ ലഭ്യമാക്കണമെന്ന നിർദ്ദേശം പാലിക്കാത്തതിൽ വീഴ്ച വരുത്തിയതിനെ തുടർന്ന് പരാമർശം (1) ലെ ശിപാർശയുടെ അടിസ്ഥാനത്തിൽ നഗരകാര്യ വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീമതി.പി.എ.മിനിയ്ക്കെതിരെ പരാമർശം (2) പ്രകാരം കുറ്റാരോപണ പത്രം നൽകിയിരുന്നു .

കുറ്റാരോപണ പത്രത്തിന് ശ്രീമതി മിനി.പി.എ പരാമർശം (3) പ്രകാരം സമർപ്പിച്ച മറുപടിയിൽ ചുവടെ ചേർക്കും പ്രകാരം അറിയിച്ചിരുന്നു.

- നഗരകാര്യ വകുപ്പിലെ ജോയിന്റ് ഡയറക്ടർ മുതൽ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് -III വരെയുള്ള ഉദ്യോഗസ്ഥരുടെ ഉദ്യോഗക്കയറ്റത്തിനുള്ള ഡി . പി . സി അജണ്ട നോട്ട് യഥാസമയം നഗരകാര്യ ഡയറക്ടർ സമർപ്പിച്ചിട്ടുള്ളതാണ് .

- മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് -II തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റത്തിനുള്ള ഫീഡർകാറ്റഗറിയായ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് -III ൽ നിന്നും ഡി . പി . സി നടന്ന 02/09/2019 ൽ 2 വർഷം പ്രൊബേഷൻ കാലം പൂർത്തിയാക്കിയ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് -III യിൽ 3 0 ജീവനക്കാരാണ് ഉണ്ടായിരുന്നത് . ഇതിൽ 1 5 പേർ മാത്രമാണ് പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനായുള്ള ടെസ്റ്റ് യോഗ്യത നേടിയിരുന്നത് . ടി 15 പേരിൽ 11 ജീവനക്കാരുടെ പ്രൊബേഷനുള്ള അപേക്ഷ യഥാസമയം സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതാണ് ,

- ഇതിൽ 5 പേരുടെ പ്രൊബേഷൻ സർക്കാർ ഡിക്ലയർ ചെയ്തിരുന്നതായും 4 പേരുടെ ( ശ്രീ . അജേഷ് റ്റി . ജി , ശ്രീ . പ്രമോദ് കെ . ശ്രീ . സനൽ കുമാർ ഒ . വി , ശ്രീ . സജിത് കുമാർ കെ . കെ ) റിവൈസ്ഡ് സെൽഫ് അപ്രൈസൽ ലഭ്യമാക്കുവാനും സർക്കാർ നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ഈ ഓഫീസിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ആയത് 02/09/2019- ലെ ഡി . പി . സി - യ്ക്ക് മുമ്പ് നഗരകാര്യ ഡയറക്ടറുടെ ഓഫീസിൽ ലഭ്യമാക്കിയിരുന്നില്ല .

- ടി 15 പേരിൽ 4 ഉദ്യോഗസ്ഥരുടെ ( ശ്രീമതി . റ്റി . എൻ . സീനി , ശ്രീമതി . ജസീത പി . ജെ , ശ്രീ .. നൗഷാദ് എ , ശ്രീ

. അഭിലാഷ് കുമാർ എച്ച് ) പ്രൊബേഷനുള്ള അപേക്ഷ ഡി . പി . സി - യ്ക്ക തൊട്ടു മുമ്പാണ് (8/2019- ൽ ) നഗരകാര്യ
ഡയറക്ടറുടെ ഓഫീസിൽ ലഭ്യമാക്കിയിരുന്നത് . ഇവരുടെ ലീവ് സംബന്ധമായ വിവരങ്ങൾ അക്കൗണ്ടന്റ് ജനറൽ
ഓഫീസിൽ നിന്നും ലഭ്യമാക്കി ടി അപേക്ഷകൾ 09/2019 ന് തന്നെ സർക്കാരിൽ സമർപ്പിച്ചിരുന്നതുമാണ് . 5
ഉദ്യോഗസ്ഥരുടെ ( ശ്രീമതി . മുംതാസ് എ . എം , ശ്രീമതി . സിനി റ്റി . എൻ , ശ്രീമതി . ജസീത പി . ജെ , ശ്രീ .
നൗഷാദ് എ , ശ്രീ . അഭിലാഷ് കുമാർ എച്ച് ) കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നില്ല . ശ്രീ . അജേഷ് റ്റി .
ജി , ശ്രീ . പ്രമോദ് കെ , ശ്രീമതി . കവിത എസ് . കുമാർ എന്നീ 3 പേർക്കെതിരെ അച്ചടക്കനടപടിയും
നിലവിലുണ്ടായിരുന്നു .

പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ലാത്ത ഉദ്യോഗസ്ഥരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുള്ള
അപേക്ഷ , സെൽഫ് അപ്രൈസൽ റിപ്പോർട്ട് ,കോൺഫിഡൻഷ്യൽ റിപ്പോർട്ട് എന്നിവ ലഭ്യമാക്കുവാൻ 03/12/2018,
23/05/2019 എന്നീ തീയതികളിലെ ഇ 2-25945/18 നം . കത്ത് പ്രകാരവും ടെലഫോൺ മുഖേനയും എല്ലാ നഗരസഭാ
സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ് .

- ശ്രീമതി . റ്റി . എൻ . സിനി , ശ്രീമതി . ജസീത പി . ജെ , ശ്രീ . നൗഷാദ് എ , ശ്രീ . അഭിലാഷ് കുമാർ എച്ച് എന്നീ
ജീവനക്കാർ അപേക്ഷ സമർപ്പിക്കുന്നതിലും ലീവ് സംബന്ധമായ വിവരങ്ങൾ എ . ജി - യിൽ നിന്നും ലഭിക്കുന്നതിലും
താമസം വന്നതിനാലാണ് അപേക്ഷകൾ 02/09/2019- ന് മുമ്പ് സർക്കാരിൽ സമർപ്പിക്കാൻ കഴിയാതിരുന്നത്.

- എന്നിരുന്നാലും , ഈ വിഷയത്തിൽ സാദ്ധ്യമായ എല്ലാ നടപടികളും സത്വരമായി തന്നെ സ്വീകരിച്ചിട്ടുള്ളതാണെന്നും
ഇതിൽ ബോധപൂർവ്വമായ യാതൊരു വീഴ്ചയും സംഭവിച്ചിട്ടില്ലെന്നും ഈ വിഷയം സംബന്ധിച്ച് സർക്കാരിൽ നിന്നും
തന്നിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുകയും സമയബന്ധിതമായി നടപടി സ്വീകരിക്കുകയും
ചെയ്തിട്ടുള്ളതാണ്.

ഈ വിഷയത്തിൽ നഗരാകാര്യ ഡയറക്ടർ ലഭ്യമാക്കിയ പരാമർശം (4) ലെ റിപ്പോർട്ടിൽ സർക്കാരിൽ
നിന്നും ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ ബന്ധപ്പെട്ട സെക്രട്ടറിമാർക്ക് യഥാസമയം നിർദ്ദേശം
നൽകിയിരുന്നെങ്കിലും ആയത് സെക്രട്ടറിമാർ യഥാസമയം ലഭ്യമാക്കാതിരുന്നതിനാലും അക്കൗണ്ടന്റ് ജനറലിൽ നിന്നും
സെക്രട്ടറിമാരുടെ ലീവ് സംബന്ധമായ വിവരങ്ങൾ ലഭിക്കുന്നതിന് കാലതാമസം വന്നതിനാലുമാണ് സർക്കാരിൽ
സമർപ്പിക്കാൻ സാധിക്കാതിരുന്നതെന്ന വസ്തുത പരിഗണിക്കാവുന്നതാണെന്നും നഗരകാര്യ ഡയറക്ടർ അഭിപ്രായപ്പെട്ടു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീമതി .മിനി .പി.എ.സമർപ്പിച്ച മറുപടിയുടേയും നഗരകാര്യ
ഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ നഗരകാര്യ വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായ ശ്രീമതി
മിനി.പി.എ - യ്ക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിൽ തുടർനടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.
ശ്രീമതി മിനി.പി.എ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, നഗരകാര്യ വകുപ്പ്( നഗരകാര്യ ഡയറക്ടർ മുഖേന).
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ